# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 68 28.09.2011-ൽ മറുപടിക്ക്

## കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ബി.അബ്ദുൾ റസാക് :<br>ശ്രീ.കെ.എം.ഷാജി :<br>ശ്രീ.പി.കെ.ബഷീർ :<br>ശ്രീ.സി.മോയിൻകുട്ടി : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ ; | (എ) കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. |
| (ബി) എങ്കിൽ ഏറ്റവും ഒടുവിൽ എന്നാണ് അവലോകനം നടത്തിയത് ; അവലോകന വിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം എല്ലാ മാസവും അവലോകനം നടത്താറുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ തലത്തിൽ മെഡിക്കൽ ആഫീസറുടെയും മറ്റു സൂപ്പർവൈസർ മാരുടെയും നേതൃത്വത്തിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ബ്ലോക്ക് തലത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കേന്ദ്രീകരിച്ചും ഇത്തരത്തിലുള്ള അവലോകന യോഗം നടത്താറുണ്ട്. സ്റ്റേറ്റ് ഫാമിലി വെൽഫെയർ വിംഗിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ നിന്നും ഇവാല്യുവേഷൻ ടീം വിവിധ ജില്ലകളിലെ ആരോഗ്യകുടുംബക്ഷേമ കേന്ദ്രമടക്കമുള്ള ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് വിലയിരുത്തൽ നടത്താറുണ്ട്. സംസ്ഥാനത്തെ ഇവാല്യുവേഷൻ വിംഗിലെ നാല് ടീമുകൾ 13.09.2011 മുതൽ 16.09.2011 വരെയും 20.09.2011 മുതൽ 24.09.2011 വരെയും ഇടുക്കി ജില്ലയിലെ രാജാക്കാട്, ഉപ്പുതറ, പാമ്പാടുംപാറ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ കീഴിലുള്ള സബ്സെന്ററുകളിലാണ് അവലോകനം നടത്തിയത്. അവലോകനത്തിൽ എം.സി.എച്ച്. രജിസ്റ്റർ, ഇ.സി രജിസ്റ്റർ, ഫാമിലി ഹെൽത്ത് സർവ്വേ രജിസ്റ്റർ, ഓ.പി, ഐ.പി, അക്സ്പ്റ്റൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ സ്റ്റെറിലൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിക്കുകയും അതിൽ കണ്ടെത്തിയ തെറ്റുകൾ ചൂണ്ടിക്കാണിച്ച് ശരിയാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തു. പരിശോധനയിൽ കണ്ട പോരായ്മകൾ ചുവടെ ചേർക്കുന്നു. |

ഹെൽത്ത് ഇൻസ്പെക്ടറുടെ സ്റ്റോക്ക് രജിസ്റ്ററിലെ തീയതിയും ജെ.പി.എച്ച്.എൻ/ജെ.എച്ച്.ഐ യുടെ സ്റ്റോക്ക് രജിസ്റ്ററിലെ തീയതിയും തമ്മിൽ ടാലി യാകുന്നില്ല. എം.സി.എച്ച് രജിസ്റ്ററിൽ ഡാറ്റകൾ പൂർത്തീകരിച്ചിട്ടില്ല. ഫാമിലി ഹെൽത്ത് സർവ്വേ പൂർത്തീകരിച്ചിട്ടില്ല. ഐ.യു.ഡി.ഫോളോ അപ്പ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ജെ.എച്ച്.ഐ/ജെ.പി.എച്ച്.എൻ മാരെ സ്ഥലം മാറ്റം നൽകുന്ന സാഹചര്യത്തിൽ പാലിക്കേണ്ട നടപടികൾ എല്ലാം പാലിച്ചിട്ടില്ല.

| | |
|---|---|
| (സി) കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപ്രദേശങ്ങളിലെ അമ്മ മാർക്കും കുട്ടികൾക്കും വേണ്ടി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരം നൽകാമോ ; | (സി) ഗർഭിണികളുടെയും അമ്മമാരുടെയും കുഞ്ഞു ങ്ങളുടെയും കൗമാരക്കാരുടെയും ആരോഗ്യം മെച്ച പ്പെടുത്തുവാനുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിവരുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1.ഗർഭിണികളുടെ രജിസ്ട്രേഷൻ, ഗർഭിണികൾ ക്കുള്ള അയൺഫോളിക് ആസിഡ് ഗുളികകളുടെ വിതരണം, ടെറ്റനസ് പ്രതിരോധ കുത്തിവെയ്പ് ഗർഭകാല പരിശോധനകൾ, ആശുപത്രി പ്രസവം പ്രോത്സാഹിപ്പിക്കൽ, ജെ.എസ്.വൈ പദ്ധതി തുടങ്ങിയവ<br>2. കുഞ്ഞുങ്ങൾക്കായി നവജാത ശിശു പരിചരണ പരിപാടികൾ, പ്രതിരോധ കുത്തിവെയ്പുകൾ, വയറിളക്ക രോഗ നിയന്ത്രണ പരിപാടികൾ, വൈറ്റമിൻ എ നൽകൽ, എ.ആർ.ഐ പ്രോഗ്രാം, സ്കൂൾ ആരോഗ്യ പരിപാടികൾ തുടങ്ങിയവ നടന്നു വരുന്നു.<br>3. കുടുംബക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി പുരുഷൻമാർക്കും സ്ത്രീകൾക്കുമുള്ള സ്ഥിരം വന്ധ്യം കരണ മാർഗ്ഗങ്ങൾ (ലാപ്രോസ്കോപ്പി, മിനിലാപ്പ്, പി.പി.എസ്സ്,എൻ.എസ്.വി)ഐ.യു.ഡി പ്രോഗ്രാം, നിരോധ് ലഭ്യമാക്കൽ ,ഗർഭനിരോധന ഗുളികകൾ, എമർജൻസി കോൺട്രാസെപ്റ്റീവ്സ് പ്രോഗ്രാം, ഗർഭിണിയാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനം തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പുരുഷവന്ധ്യംകരണ ശസ്ത്ര ക്രിയയ്ക്ക് (എൻ.എസ്.വി) വേണ്ടിയുള്ള പ്രവർത്തന ങ്ങൾ നടത്തിവരുന്നു.<br>4. കൗമാര ആരോഗ്യ പരിപാടികളും, സ്കൂൾ ഹെൽത്ത് പ്രോഗ്രാമുകളും<br>5. കുടുംബക്ഷേമ പ്രവർത്തനങ്ങളേയും മാതൃശിശു ആരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങൾ. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ വിശദമാക്കുമോ ; | (ഡി) | കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഹെൽത്ത് ഇൻസ്പെക്ടർമാർ പദ്ധതി നടത്തിപ്പിനായി ഹെൽത്ത് വർക്കേഴ്സിനെ സഹായിക്കാറുണ്ട്. കൂടാതെ, പ്രതിരോധ കുത്തിവെയ്പ്പ്, കുടുംബക്ഷേമ പ്രവർത്തന ക്യാമ്പുകൾ സംഘടിപ്പിക്കുക, വാക്സിൻ ശീതീകരണം, ശേഖരണം, വിതരണം എന്നിവ സംബന്ധിച്ചുള്ള പ്രവർത്തനങ്ങളിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർമാരുമായി സഹകരിച്ച് പ്രതിരോധ വാക്സിനേഷനുകളുടെ സുഗമമായ വിതരണം ഉറപ്പുവരുത്തുന്നു. ഗർഭനിരോധന ഉപാധികളുടെ വിതരണത്തിലുള്ള പ്രത്യേക മേൽനോട്ടം, നിരോധന മാർഗ്ഗങ്ങളിലുള്ള കുറവുകളും, പിഴവുകളും, മെഡിക്കൽ ആഫീസറോട് റിപ്പോർട്ട് ചെയ്യുകയും ഇത് മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. കൂടാതെ ആർ.സി.എച്ച് പ്രോഗ്രാമിന്റെ കീഴിൽ സബ്സെന്ററുകൾ വഴി നടത്തുന്ന പ്രോഗ്രാമുകൾക്ക് മേൽനോട്ടവും സഹായവും നൽകുകയും ചെയ്യുന്നു. |
| (ഇ) | കഴിഞ്ഞ അഞ്ചുവർഷക്കാലം കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കിവെച്ചതും ചെലവഴിച്ചതുമായ തുകയുടെ പ്രതിവർഷക്കണക്ക് വെളിപ്പെടുത്തുമോ ? | (ഇ) | കഴിഞ്ഞ അഞ്ചുവർഷക്കാലം കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കിവെച്ചതും ചെലവഴിച്ചതുമായ തുകയുടെ പ്രതിവർഷക്കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | നീക്കിവെച്ചത് (തുക ലക്ഷത്തിൽ) | ചെലവഴിച്ചത് (തുക ലക്ഷത്തിൽ) |
|---|---|---|
| 2006-07 | 11189.29 | 11352.61 |
| 2007-08 | 15404.00 | 15239.64 |
| 2008-09 | 18882.96 | 18941.05 |
| 2009-10 | 20152.40 | 11864.70 |
| 2010-11 | 26540.18 | 15798.90 |

സെക്ഷൻ ഓഫീസർ